# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.647 05.06.2018-ൽ മറുപടിക്ക്**

## പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിലെ കാലതാമസം

| ചോദ്യം<br>ശ്രീ.പി.ടി.തോമസ് | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽസ് കോർപ്പറേഷന്റെ കീഴിൽ ചെങ്ങന്നൂരിൽ പ്രവർത്തിക്കുന്ന പ്രഭുറാം മിൽസിൽ നിന്നും 2017 മേയ് മാസത്തിൽ വിരമിച്ച ശ്രീ.വി.ബാലകൃഷ്ണൻ ഉൾപ്പെടെ പത്തോളം പേർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നാളിതു വരെ നൽകിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തുടർച്ചയായ പ്രവർത്തന നഷ്ടം ഉണ്ടായതു മൂലം പ്രഭുറാം മിൽസ് കഴിഞ്ഞ 5 വർഷമായി കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. കൂടാതെ 2016 ഒക്ടോബർ 21 മുതൽ 2017 ഫെബ്രുവരി 21 വരെ വൈദ്യുതി കടിശ്ശിക ഉണ്ടായിരുന്നതു മൂലം മിൽ പ്രവർത്തിച്ചിരുന്നില്ല. മേൽപ്പറഞ്ഞ കാരണങ്ങൾ കൊണ്ട് ഉണ്ടായ സാമ്പത്തിക പ്രതിസന്ധി മൂലമാണ് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിൽ കാലതാമസം വന്നിട്ടുള്ളത്. |
| (ബി) ഇവരുടെ ആനുകൂല്യങ്ങൾ എന്ന് നൽകുവാൻ സാധിക്കുമെന്ന് വിശദമാക്കാമോ; | (ബി) പ്രഭുറാം മിൽസിൽ 2015 നവംബർ മാസം വരെ പിരിഞ്ഞുപോയവരുടെ പെൻഷൻ ആനുകൂല്യങ്ങളാണ് ഇതുവരെ നൽകിയിട്ടുള്ളത്. ശ്രീ.വി. ബാലകൃഷ്ണൻ 2017 മേയ് മാസത്തിലാണ് പിരിഞ്ഞു പോയത്. മില്ലിന്റെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി മാറി, മില്ലിന്റെ പ്രവർത്തനക്ഷമത പൂർണ്ണമായും കൈവരിക്കുന്ന സാഹചര്യത്തിൽ ശ്രീ.വി.ബാലകൃഷ്ണൻ ഉൾപ്പെടെയുള്ളവരുടെ പെൻഷൻ ബാധ്യതകൾ പരമാവധി വേഗത്തിൽ കൊടുത്തു തീർക്കുന്നതാണ്. |
| (സി) 2017-18-ൽ ലേ ഓഫിന് ശേഷം കമ്പനി എന്നാണ് പ്രവർത്തനം ആരംഭിച്ചതെന്നും അതിനു ശേഷം ശമ്പളം കൃത്യമായി നൽകുന്നുണ്ടോ യെന്നും വിശദമാക്കാമോ? | (സി) 2016-17 വർഷത്തിലെ ലേ-ഓഫിനു ശേഷം കമ്പനി 2017 ഫെബ്രുവരി 22 ന് പ്രവർത്തനം ആരംഭിക്കുകയും അതിനുശേഷം നാളിതുവരെ ശമ്പളം കൃത്യമായി നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ